13

JS(C)

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- 'ട്രാൻസ്ജെന്റർ ക്ഷേമം - ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.657/2018/സാനീവ തീയതി, തിരുവനന്തപുരം 15.11.2018**

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 06.09.2018 ലെ സി2-11787/2018 നമ്പർ കത്ത്.

(2) 25.09.2018 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സമൂഹത്തിൽ ഏറ്റവുമധികം അവഗണന അനുഭവിക്കുന്ന വിഭാഗമാണ് ട്രാൻസ്ജെന്റേഴ്സ് ഈ വിഭാഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെന്റർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും വ്യക്തിഗത ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ലിംഗഭേദവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെന്റർ സമൂഹം നേരിടേണ്ടി വരുന്ന വൈകാരിക പ്രതിസന്ധികൾക്ക് ഒരളവ് വരെ പരിഹാരമാണ് ലിംഗമാറ്റ ശസ്ത്രക്രിയകൾ. സംസ്ഥാനത്ത് നടപ്പിലാക്കുന്ന നൂതന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് 10 വ്യക്തികൾക്ക് 2,00,000/- രൂപ ക്രമത്തിൽ നടപ്പ സാമ്പത്തിക വർഷം ആകെ 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) ചെലവ് വരും. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കാവുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കുറിപ്പ് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പദ്ധതിക്കായി പരസ്യപ്രചരണം നടത്തി അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിക്കേണ്ടതാണെന്നും

അത് വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു സാങ്കേതിക സമിതി പരിശോധിക്കേണ്ടതാണെന്നുമുള്ള നിബന്ധനയോടെ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ഈ സാഹചര്യത്തിൽ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന 10 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് 2,00,000/- രൂപ ക്രമത്തിൽ 20 ലക്ഷം രൂപ (ഇരുപതു ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച് വ്യാപക പ്രചരണം നടത്തി യോഗ്യരായ ട്രാൻസ്ജെന്റർ വിഭാഗത്തിൽ നിന്നുള്ളവരിൽ നിന്നു അപേക്ഷകൾ ക്ഷണിക്കേണ്ടതാണെന്നും അത് വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു സാങ്കേതിക സമിതി പരിശോധിക്കേണ്ടതാണെന്നുമുള്ള നിബന്ധനയോടെയാണ് ഉത്തരവാകുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ